# ആണ്ടുവട്ടത്തിലെ ഞായറാഴ്ചകൾ - 1

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

Thomas Kalathil/ 2016

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

ക്രിസ്തുനാഥന്റെ പെസഹാരഹസ്യംവഴി
മഹത്തായൊരു അത്ഭുതകൃത്യം നിർവഹിക്കപ്പെട്ടു.
പാപത്തിലും മരണത്തിലുംനിന്നു ഞങ്ങളെ സ്വതന്ത്രരാക്കി;
തിരഞ്ഞെടുക്കപ്പെട്ട വംശം, രാജകീയ പുരോഹിതഗണം, വിശുദ്ധജനം,
സ്വന്തംജനത എന്നീ മഹനീയപദവികളിലേയ്ക്ക് ഞങ്ങളെ വിളിക്കുവാൻ
അങ്ങു തിരുവുള്ളമായി.
മാത്രമല്ല, അങ്ങയുടെ മഹാവൈഭവത്തെ
എന്നും പ്രകീർത്തിക്കുന്നതിനുവേണ്ടി അന്ധകാരത്തിൽനിന്ന്
അങ്ങയുടെ വിസ്മയനീയമായ പ്രകാശത്തിലേയ്ക്കു
ഞങ്ങളെ ക്ഷണിക്കുകയും ചെയ്തിരിക്കുന്നു.

ആകയാൽ, ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ
തുടങ്ങിയ എല്ലാ സ്വർഗ്ഗീയവൃന്ദങ്ങളോടുംചേർന്ന്
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

വഴിതെറ്റിയലയുന്ന മനുഷ്യവർഗ്ഗത്തിന്റെമേൽ അലിവുതോന്നി
ക്രിസ്തുനാഥൻ കന്യകാമറിയത്തിൽനിന്ന് ജാതനാകുവാൻ
തിരുവുള്ളമായി.
കുരിശുമരണം വരിച്ച്,
നിത്യമരണത്തിൽനിന്നു ഞങ്ങളെ രക്ഷപ്പെടുത്തി:
അവിടുന്നു പുനരുത്ഥാനംചെയ്ത്,
ഞങ്ങൾക്കു നിത്യജീവൻ നല്കുകയും ചെയ്തു.

ആകയാൽ, ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ
തുടങ്ങിയ എല്ലാ സ്വർഗ്ഗീയവൃന്ദങ്ങളോടുംചേർന്ന്
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

പു: കർത്താവു നിങ്ങളോടുകൂടെ Thomas Kalathil/ 2016
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

മർത്ത്യരായ ഞങ്ങളുടെ സഹായത്തിനെത്തുക,
സർവ്വശക്തനായ അങ്ങേയ്ക്ക് യോജിച്ചതാണല്ലോ.
മർത്ത്യപ്രകൃതിയുടെ ബലഹീനതകൾക്ക് പ്രതിവിധി കാണുവാൻ,
മർത്ത്യപ്രകൃതിയെത്തന്നെ ഉപാധിയാക്കുവാൻ അങ്ങു തിരുവുള്ളമായി.
ഞങ്ങളുടെ വീഴ്ചയ്ക്കു കാരണമായതിനെത്തന്നെ
ക്രിസ്തുവഴി അങ്ങു ഞങ്ങളുടെ
ഉയർച്ചയ്ക്കു കാരണമാക്കുകയും ചെയ്തു.

മാലാഖവൃന്ദങ്ങൾ അങ്ങയുടെ തിരുസന്നിധിയിൽ
നിത്യാനന്ദത്തിലാറാടി, അങ്ങയെ ആരാധിക്കുന്നു.
അവരുടെ ഗാനത്തോടു ഞങ്ങളുടെ എളിയസ്വരവും
ചേരുവാൻ കല്പിച്ചനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട്,
ഞങ്ങളും ആഹ്ലാദപൂർവ്വം ആലപിക്കുന്നു.

പു: കർത്താവു നിങ്ങളോടുകൂടെ Thomas Kalathil/ 2016
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

ക്രിസ്തുനാഥൻ, തന്റെ തിരുപ്പിറവിയാൽ
പഴയമനുഷ്യനു പുതുജീവൻ നല്കി;
പീഢാസഹനത്താൽ പാപങ്ങൾക്ക് പരിഹാരംചെയ്തു;
പുനരുത്ഥാനത്താൽ നിത്യായുസ്സിലേയ്ക്ക് മാർഗ്ഗം തെളിച്ചു.
സ്വർഗ്ഗാരോഹണംവഴി,
സ്വർഗ്ഗകവാടം വീണ്ടും ഞങ്ങൾക്കു തുറന്നുതന്നു.

ആകയാൽ എല്ലാ മാലാഖമാരോടും വിശുദ്ധരോടും ചേർന്ന്
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

പു: കർത്താവു നിങ്ങളോടുകൂടെ Thomas Kalathil/ 2016
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

പിതാവേ, പ്രപഞ്ചത്തിലെ
സകലചരാചരങ്ങളെയും അങ്ങു നിർമ്മിച്ചു;
കാലഭേദങ്ങൾ ക്രമപ്പെടുത്തി;
മനുഷ്യനെ അങ്ങയുടെ ഛായയിൽ സൃഷ്ടിച്ചു;
അത്ഭുതപ്രപഞ്ചം ആസകലം അവനു അധീനമാക്കി.
അങ്ങു സൃഷ്ടിച്ചവയെയെല്ലാം
അങ്ങയുടെ പ്രതിനിധിയായി ഭരിക്കുവാനും
അങ്ങേ കരവേലയുടെ മാഹാത്മ്യത്തെ
ക്രിസ്തുവഴി നിരന്തരം പ്രകീർത്തിക്കുവാനും
മനുഷ്യനെ നിയോഗിക്കുകയും ചെയ്തു.

ആകയാൽ അങ്ങയുടെ അനന്തവൈഭവത്തെ
മാലാഖവൃന്ദങ്ങളോടു ചേർന്ന് പ്രകീർത്തിച്ചുകൊണ്ട്
ഞങ്ങളും അവിരാമം ആലപിക്കുന്നു:

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

Thomas Kalathil/ 2016

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

പിതാവേ, അങ്ങിലാണല്ലോ ഞങ്ങൾ
ജീവിക്കുന്നതും ചരിക്കുന്നതും ആയിരിക്കുന്നതും.
അനുദിനം അങ്ങു ഞങ്ങളെ വാത്സ്ല്യപൂർവ്വം കാത്തുപാലിക്കുന്നു.
നിത്യസൗഭാഗ്യം പ്രദാനം ചെയ്യുമെന്നുള്ള വാഗ്ദാനം
ഞങ്ങൾക്കു ധൈര്യമരുളുകയും ചെയ്യുന്നു.
ക്രിസ്തുനാഥനെ മരിച്ചവരിൽനിന്നുയർപ്പിച്ച
പരിശുദ്ധാത്മാവിന്റെ പ്രഥമഫലം സ്വീകരിച്ച ഞങ്ങൾക്ക്
സ്വർഗ്ഗീയപെസഹാ നിത്യം കൊണ്ടാടുവാനുള്ള ഭാഗ്യം
ലഭിക്കുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

ആകയാൽ കൃതജ്ഞതാപൂർവ്വം
മാലാഖമാരോടുചേർന്നു അങ്ങയുടെ അനന്തവൈഭവത്തെ
പ്രകീർത്തിച്ച് ഞങ്ങളും അവിരാമം ആലപിക്കുന്നു:

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

Thomas Kalathil/ 2016

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

പിതാവേ, അങ്ങു ഞങ്ങൾക്ക് രക്ഷകനെ അയച്ചുതന്ന്,
ഞങ്ങളോടുള്ള സ്നേഹപാരമ്യം പ്രകടമാക്കി.
ഈ രക്ഷകൻ പാപമെന്നതൊഴികെ,
മറ്റെല്ലാറ്റിലും ഞങ്ങൾക്കു സമനായി ജീവിച്ചു.
അങ്ങയുടെ ദിവ്യസുതനിൽ പ്രീതിപൂർവ്വം ദർശിച്ചതു,
ഞങ്ങളിലും ദർശിക്കുവാൻ തിരുവുള്ളമായി.
അനുസരണക്കേടുമൂലം നഷ്ടമായ അനുഗ്രഹങ്ങൾ
ക്രിസ്തുനാഥന്റെ അനുസരണംവഴി
വീണ്ടും ഞങ്ങൾക്കു ലഭിച്ചു.

ആകയാൽ, എല്ലാ മാലാഖമാരോടും
വിശുദ്ധരോടും ചേർന്ന്,
ഞങ്ങൾ ആഹ്ലാദപൂർവ്വം ആലപിക്കുന്നു:

പു: കർത്താവു നിങ്ങളോടുകൂടെ Thomas Kalathil/ 2016
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

പാപം മൂലം അങ്ങിൽനിന്നകന്നുപോയ മക്കളെ
അങ്ങയുടെ ദിവ്യസുതന്റെ രക്തത്താലും
പരിശുദ്ധാത്മാവിന്റെ ശക്തിയാലും
അങ്ങയുടെ പക്കലേയ്ക്കു തിരികെ കൊണ്ടുവരുവാൻ
അങ്ങു തിരുവുള്ളമായല്ലോ.
തിയേകദൈവത്തിൽ ഒന്നിപ്പിക്കപ്പെട്ട സഭ
ക്രിസ്തുവിന്റെ മൗതികശരീരവും
പരിശുദ്ധാത്മാവിന്റെ ആലയവുമാണെന്ന്
അങ്ങു വെളിപ്പെടുത്തിയല്ലോ.

ആകയാൽ, ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ
തുടങ്ങിയ എല്ലാ സ്വർഗ്ഗീയവൃന്ദങ്ങളോടുംചേർന്ന്
ഞങ്ങൾ അവിരാമം ആലപിക്കുന്നു: